അപ്രന്റീസ് സർട്ടിഫിക്കറ്റുകൾ, ടെയിനിംഗ് സർട്ടിഫിക്കറ്റുകൾ എന്നിവ അവ നല്കിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അവയുടെ ആധികാരികത യുക്തമായി പരിശോധിച്ചശേഷം മാത്രമേ സാക്ഷ്യപ്പെടുത്തി നല്കുകയുള്ളൂ.

സാന്ത്വനം പദ്ധതി

99 (1473) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്കയുടെ കീഴിൽ നടപ്പിലാക്കിയ സാന്ത്വനം പദ്ധതി മുഖേന നാളിതുവരെയായി എത്രപേർക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ) സാന്ത്വനം പദ്ധതിയിൽനിന്നും നാളിതുവരെ 8639 പേർക്കായി 27,60,21,700 രൂപ നൽകിയിട്ടുണ്ട്.

പ്രവാസി കുടുംബത്തിന് ചികിത്സാ സഹായം, വിവാഹ ധനസഹായം, വീൽച്ചെയർ, ക്രച്ചസ് ഇവ വാങ്ങുന്നതിനുള്ള സഹായം, കൂടാതെ മരണാനന്തര സഹായം തുടങ്ങിയവയാണ് ഈ പദ്ധതി മുഖേന നടപ്പിലാക്കി വരുന്നത്.

(ബി) അപേക്ഷകന്റെ വാർഷിക കുടുംബവരുമാനം 1,00,000 രൂപയിലധികമാകുവാൻ പാടില്ല.

- കുറഞ്ഞത് രണ്ടു വർഷം പ്രവാസി ആയിരുന്നിരിക്കണം.
- കേരളത്തിൽ തിരികെ താമസമായതുമുതൽ കേരളത്തിന് പുറത്ത് അല്ലെങ്കിൽ വിദേശത്ത് ജോലി ചെയ്തത്ര കാലയളവിന് (പരമാവധി 10 വർഷം വരെ) തുല്യമായ കാലയളവിനുള്ളിൽ വരുന്ന ഒരു നിശ്ചിത ആവശ്യത്തിനു മാത്രമേ അപേക്ഷ നൽകാവൂ.
- കേരളത്തിനു പുറത്ത് ഇന്ത്യയ്ക്കകത്ത് കുറഞ്ഞത് 2 വർഷമായി ട്ടെങ്കിലും സ്ഥിരതാമസമാക്കിയവർക്കും ഈ പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കാവുന്നതാണ്.
- അപേക്ഷ സമർപ്പിക്കുമ്പോഴും സഹായം സ്വീകരിക്കുമ്പോഴും കുടുംബാംഗം വിദേശ പ്രവാസ ജോലിയിൽ ആയിരിക്കരുത്.

LIBRARY ARCHIVES Kerala Legislative Assembly